പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 542.

05/07/2013 -ൽ മറുപടിക്ക്

## ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>'' വി.പി. സജീന്ദ്രൻ<br>'' എം.എ. വാഹീദ്<br>'' ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ തീർപ്പ് കൽപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) 06/03/2010-ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 515 പ്രകാരം പ്രസിദ്ധീകരിച്ച ഭൂമിയുടെ ന്യായവില വിജ്ഞാപനത്തിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുകയും, ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, പ്രസ്തുത ഉപസമിതിയുടെ തീരുമാനപ്രകാരം, അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് റവന്യൂ അധികാരികളെ ചുമതലപ്പെടുത്തുകയുമുണ്ടായി. ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ സംബന്ധിച്ച അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാലാവധി 30 ദിവസത്തിൽനിന്ന് ഒരു വർഷം വരെ ദീർഘിപ്പിച്ചുകൊണ്ടും, ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്ന പക്ഷം, അതിനുശേഷം ലഭിക്കുന്ന അപ്പീലുകളും പരിഗണിക്കാൻ അനു |

വദിച്ചുകൊണ്ടും, കേരള മുദ്രപ്പത്രനിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 31/12/2012-വരെ ലഭിച്ചിട്ടുള്ള അപ്പീലുകൾ ഏകദേശം തീർപ്പാക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പീൽ സമർപ്പണം ഫലത്തിൽ ഒരു തുടർപ്രക്രിയ ആയി മാറിയതിനാൽ, അപ്പീലുകൾ ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുകയും, അവയിൻമേൽ ജില്ലാ കളക്ടർമാർ അടിയന്തിര നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികളിൽ തീർപ്പ് കൽപ്പിക്കുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) 94010 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സി) പരാതികൾ നൽകാനും തീർപ്പ് കൽപ്പിക്കുവാനും ഏതെല്ലാം സംവിധാനമാണ് ഒരുക്കിയത്;

ഡി) ശേഷിക്കുന്ന പരാതികളിൽ സമയബന്ധിതമായി പരിഹാരം കാണാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സി) & ഡി) 06/03/2010-ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 515 പ്രകാരം പ്രസിദ്ധീകരിച്ച ഭൂമിയുടെ ന്യായവില വിജ്ഞാപനത്തിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുകയും, ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, പ്രസ്തുത ഉപസമിതിയുടെ തീരുമാനപ്രകാരം, അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് റവന്യൂ അധികാരികളെ ചുമതലപ്പെടുത്തുകയുമുണ്ടായി. ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ സംബന്ധിച്ച

അപ്പീൽ സമർപ്പിക്കുന്നതിനുള്ള കാലാവധി 30 ദിവസത്തിൽനിന്ന് ഒരു വർഷം വരെ ദീർഘിപ്പിച്ചുകൊണ്ടും, ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്ന പക്ഷം, അതിനുശേഷം ലഭിക്കുന്ന അപ്പീലുകളും പരിഗണിക്കാൻ അനുവദിച്ചുകൊണ്ടും, കേരള മുദ്രപ്പത്രനിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 31/12/2012-വരെ ലഭിച്ചിട്ടുള്ള അപ്പീലുകൾ ഏകദേശം തീർപ്പാക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പീൽ സമർപ്പണം ഫലത്തിൽ ഒരു തുടർപ്രക്രിയ ആയി മാറിയതിനാൽ, അപ്പീലുകൾ ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുകയും, അവയിൻമേൽ ജില്ലാ കളക്ടർമാർ അടിയന്തിര നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

... ലൈബ്രറിയിൽ ലഭ്യമാണ്